**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3123** **13-07-2022 - ൽ മറുപടിയ്ക്ക്**

**വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മുതിർന്ന പൗരൻമാർക്ക് ഫീസിളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ. കെ. ശൈലജ ടീച്ചർ , ശ്രീ. പി. നന്ദകുമാർ, ശ്രീ. പി. ടി. എ. റഹീം, ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ് (പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പ്രാദേശിക വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പശ്ചാത്തല വികസനവും അനുബന്ധ സുരക്ഷയും വർദ്ധിപ്പിക്കുന്നതിനാവശ്യമായ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പ്രാദേശിക വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പശ്ചാത്തലം വികസിപ്പിക്കുന്നതിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെയും നേതൃത്വത്തോടെയും തദ്ദേശീയമായ ടൂറിസം സാധ്യതകളുള്ള ഡെസ്റ്റിനേഷനുകൾ വികസിപ്പിച്ച് ടൂറിസം വികസനം വിപുലമാക്കുന്നതിനായി ഡെസ്റ്റിനേഷൻ ചലഞ്ച് എന്ന പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശീയമായ ടൂറിസത്തിന്റെ പ്രാധാന്യം തിരിച്ചറിയാനും തദ്ദേശ സ്ഥാപനങ്ങളുടെ വിവിധ സ്കീമുകളെ ടൂറിസം പ്രവർത്തനങ്ങളുമായി സംയോജിപ്പിക്കാനും അതിലൂടെ സംസ്ഥാനത്തിന്റെ തന്നെ വികസനവുമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അവർ വിഭാവനം ചെയ്യുന്ന ടൂറിസം പദ്ധതികളുടെ വിശദമായ പദ്ധതി റിപ്പോർട്ടും അനുബന്ധ രേഖകളും ഡെസ്റ്റിനേഷൻ ചലഞ്ച് പദ്ധതിയുടെ പോർട്ടൽ വഴി ടൂറിസം വകുപ്പിൽ സമർപ്പിച്ചു വരികയാണ്.<br><br>ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദേശം നല്കിയിട്ടുണ്ട്. അതോടൊപ്പം, ഡെസ്റ്റിനേഷനുകളുടെ പരിപാലനം, സുരക്ഷ ഉൾപ്പെടെയുള്ള കാര്യങ്ങളിൽ യുവജന പങ്കാളിത്തം ഉറപ്പാക്കുന്ന പദ്ധതി ആലോചിക്കുന്നുണ്ട്. ടൂറിസം ക്ലബ്ബുകൾ രൂപീകരിച്ചു ഡെസ്റ്റിനേഷനുകളുടെ പരിപാലനത്തിനുള്ള പദ്ധതിയും തയാറായി വരുന്നു. കേരളത്തിലെ 14 |

| | | | |
|---|---|---|---|
| | | | ജില്ലകളിലായി പ്രത്യേക പരിശീലനം ലഭിച്ച 184 ടൂറിസം പോലീസിനെ നിയോഗിച്ചിട്ടുണ്ട്. ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീസൗഹൃദ വിനോദസഞ്ചാരം പ്രോൽസാഹിപ്പിക്കുന്നതിന് വേണ്ടിയുള്ള ഒരു ബ്രെയിൻ സ്റ്റോമിംഗ് വർക്ക്ഷോപ്പ് 2022 ഓക്ടോബർ മാസത്തിന് മുൻപായി സംസ്ഥാനത്തു നടത്തുന്നതിന് ഉത്തരവാദിത്ത ടൂറിസം മിഷൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മുതിർന്ന പൗരൻമാർക്ക് ഫീസ് ഇളവ് നൽകണമെന്ന് മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനകൾ ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ബി) | കേരള നിയമസഭയുടെ മുതിർന്ന പൗരൻമാരുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-23) മുമ്പാകെ കോഴിക്കോട് ഹ്യൂമൻ റൈറ്റ്സ് ഫോറം പ്രസിഡന്റ് സമർപ്പിച്ച ഹർജിയിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മുതിർന്ന പൗരൻമാർക്ക് ഫീസ് ഇളവ് നൽകണമെന്ന ആവശ്യത്തിൻമേൽ സർക്കാർ സ്വീകരിച്ച നടപടി റിപ്പോർട്ട് പരിഗണിച്ച സമിതി ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ മുതിർന്നവർക്ക് പ്രവേശന ഫീസിൽ ഇളവ് അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് ഇറക്കി നിയമസഭാ സമിതിയെ അറിയിക്കുവാൻ നിർദ്ദേശിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ 06-06-2022 തീയതിയിലെ സർക്കാർ ഉത്തരവ് (സാധാ) നം. 180/2022/ടൂറിസം പ്രകാരം വകുപ്പിന്റെ കീഴിലുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രവേശന ഫീസ് ഇനത്തിൽ മുതിർന്ന പൗരൻമാർക്ക് 50% ഇളവ് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | മുതിർന്ന പൗരൻമാരുടെ ക്ഷേമത്തിനായുള്ള നിയമസഭാ സമിതിയും ഇത്തരത്തിലുള്ള ആവശ്യം ഉന്നയിച്ചിരുന്നോ; ആയത് സംബന്ധിച്ച് വിനോദ സഞ്ചാരവകുപ്പ് തയ്യാറാക്കിയ റിപ്പോർട്ടിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) | 'ബി ' പിരിവിന്റെ അതേ ഉത്തരം |
| (ഡി) | ആയതിന്റെ അടിസ്ഥാനത്തിൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ മുതിർന്ന പൗരൻമാർക്ക് എന്തെല്ലാം സൗകര്യങ്ങളും ഇളവുകളും നൽകാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ? | (ഡി) | 'ബി ' പിരിവിന്റെ അതേ ഉത്തരം |

സെക്ഷൻ ഓഫീസർ